QP CODE: 20101223

20101223

Reg No : ....................

Name : ....................

# B A DEGREE (CBCS) EXAMINATION, NOVEMBER 2020

**Second Semester**

**Common course II - ML2CCT08 - കവിതയും നാടകവും**

2017 ADMISSION ONWARDS

F99BC57D

Time: 3 Hours Max. Marks : 80

**പാർട്ട് എ**

അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **പത്തു** ചോദ്യത്തിന് ഉത്തരമെഴുതുക.
ഓരോ ചോദ്യത്തിനും *2* മാർക്ക് വീതം.

1. ഭൂമിയിലേയ്ക്ക് മടങ്ങുന്ന താൻ 'അനഘ 'യാണെന്ന് സീത ചിന്തിക്കുന്നതെന്തുകൊണ്ട്?
2. എരിപൊരി കൊള്ളും ദിനങ്ങൾ ചിറകറ്റ്, എരിതീയിൽ വീഴും ശലഭം........' കടമ്മനിട്ട ലക്ഷ്യം വയ്ക്കുന്നതെന്ത്?
3. ' സൗന്ദര്യത്തിൻ വേപഥുവിനെ വാങ്ങാനെല്ലാരും മടിക്കവേ...' മടിക്കുന്നതെന്തുകൊണ്ട്? വ്യക്തമാക്കുക.
4. മലയാള കവിതാ സാഹിത്യത്തിൽ വി.മധുസൂദനൻ നായരുടെ സ്ഥാനം അടയാളപ്പെടുത്തുക.
5. ഉരുണ്ടു ചെറിച്ചിയുടെ ശാരീരിക പ്രത്യേകതകൾ ഏവ?
6. മലയാള കവിതാ സാഹിത്യത്തിൽ അനിതാ തമ്പിയുടെ സ്ഥാനം അടയാളപ്പെടുത്തുക.
7. സാഹിത്യകാര പരിചയം നടത്തുക ' എം.എസ്.ബനേഷ് '.
8. ഓരോരോ കാലത്തിലും നാടകത്തിലെ കഥാപാത്രങ്ങൾ നളചരിതം കഥ ആടുന്നതിന് കാരണമായ സാമൂഹിക സാഹചര്യങ്ങൾ ഏവ?
9. കഥാപാത്ര നിരൂപണം നടത്തുക.- ഓരോരോ കാലത്തിലും - ' നമ്പീശൻ '
10. ' കൂടെ കളിക്കാൻ അവിടത്തെ കുട്ടിക്കൃഷ്ണനെ ഇല്ലപ്പറമ്പില് സ്ഥിരമായി കെട്ടാൻ തൊടങ്ങ് യേപ്പോ എനിക്ക് എന്ത് സന്തോഷായിന്നോ?' താത്രിക്കുട്ടിയുടെ ആന ഭ്രമത്തെക്കുറിച്ച് നാടകകൃത്ത് നൽകുന്ന സൂചനകൾ എന്തെല്ലാം?
11. കഥാപാത്ര നിരൂപണം നടത്തുക. ഓരോരോ കാലത്തിലും. - ' കാവുങ്കൽ'
12. ഓരോരോ കാലത്തിലും 'നാടകാന്ത്യത്തിൽ ചേർത്തിരിക്കുന്ന

എം.ഗോവിന്ദന്റെ കവിതാ ശകലം നാടക ഇതിവൃത്തത്തോട് ചേർത്തുവായിക്കുക

(10×2=20)

## പാർട്ട് ബി

ഒന്നര പുറത്തിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.
ഓരോ ചോദ്യത്തിനും *5* മാർക്ക് വീതം.

13. രാഷ്ട്രീയ ജാഗ്രതയുടെ രൂപത്തിൽ എപ്പോഴും ഓടിയെത്തുന്ന കവിതകളാണ് സച്ചിദാനന്റേത്.വ്യക്തമാക്കുക.

14. കാൽപനിക വിഷാദങ്ങളുടേയും ക്ഷുഭിത യൗവനങ്ങളുടേയും എതിർ ദിശയിൽ സഞ്ചരിച്ച കവിയാണ് പി.പി.രാമചന്ദ്രൻ.വിശദമാക്കുക.

15. നമുക്ക് ഏറെ പരിചിതമായ ഇന്ത്യൻ ജാതി വ്യവസ്ഥയുടെ പരിചിതത്വം ഭയപ്പെടുത്തുന്ന യാഥാർത്ഥ്യങ്ങളിലേയ്ക്ക് വായനക്കാരെ കൂട്ടിക്കൊണ്ടു പോകുന്നു. ശരിയോ? സ്വാഭിപ്രായം വ്യക്തമാക്കുക.

16. 'അന്താരാഷ്ട്ര വ്യാപാര കരാറിനേക്കാളും, വ്യാസമുള്ള ഭാഷയിലോട്........' എന്തുകൊണ്ട്?

17. കവിതകൾക്കിടയിൽ നീണ്ട തയ്യാറെടുപ്പുകൾ നടത്തുന്ന എഴുത്തുകാരനാണ് എസ്.കലേഷ്. പ്ലാവിന്റെ കഥ' ഉദാഹരിച്ച് സമർത്ഥിക്കുക.

18. വാൻഗോഗിനെപ്പറ്റിയുള്ള പരാമർശങ്ങൾ താത്രിക്കുട്ടിയുടെ  കഥയ്ക്ക് നൽകുന്ന അർത്ഥ വിശേഷങ്ങൾ ഏവ?

19. . 'നെന്നെപ്പോലെ ഒരു വെളഞ്ഞ പുള്ളിയെ സൂക്ഷിക്കാൻ അവരന്നെ പോരല്ലോ? വയസ്സുകാലത്ത് ആ തന്തേടേം തള്ളേടേം ഒരു യോഗേയ് ' സന്ദർഭമേത്? വ്യക്തമാക്കുക.

20. ആധുനിക പെൺകുട്ടിയുടെ സ്വാർത്ഥവിചാരം നാടകകൃത്ത് എപ്രകാരം ആവിഷ്കരിച്ചിരിക്കുന്നു?

21. പ്രണയത്തിന് പ്രതിഫലം ചോദിക്കാൻ വന്നിരിക്ക്യാണോ? ഇപ്പോ ഞാൻ പ്രണയിക്കുന്നത് കീചകനെയാണ് ' വക്താവാര്? കീചകൻ എന്ന പ്രയോഗം നാടകത്തിന് നൽകുന്ന അർത്ഥ സാധ്യതകൾ ഏവ?

(6×5=30)

## പാർട്ട് സി

നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.
ഓരോ ചോദ്യത്തിനും *15* മാർക്ക് വീതം.

22. ആതുരശുശ്രൂഷകരെ വിശ്വ പ്രകൃതിയുടെ മാതൃബോധത്തിലേയ്ക്ക് രൂപണം ചെയ്യുന്ന കവിതയാണ് 'ആശുപത്രിയിൽ'. വിലയിരുത്തുക.

23. സ്ത്രൈണ കാമനകളുടെ രാസലീലകൾ സുഗതകുമാരിയുടെ

കവിതകളിൽ ഉൾച്ചേരുന്നു.'മരിച്ച കുഞ്ഞുങ്ങൾ വരുന്നുണ്ട് ' എന്ന കവിതയെ ആസ്പദമാക്കി ഉപന്യസിക്കുക.

24. അദ്ധ്വാനത്തിലാണോ കാര്യം?അനുഭവല്ലേ വേണ്ടത്? അരങ്ങ്ച്ചാൽ കളര്യല്ലാട്ടോ മാധവാ. സ്ത്രൈണാനുഭവങ്ങളുടെ പരിപക്വത നേടിയ കഥാപാത്രമാണ് കുറിയേടത്ത് താത്രിയെന്ന് ഓരോരോ കാലത്തിലും 'നാടകത്തെ ആസ്പദമാക്കി ഉപന്യസിക്കുക

25. ' അപ്പോ എനിക്ക് മനസ്സിലായി, എന്താണ് എന്റെ ജാതകദോഷംന്ന്. (പുച്ഛത്തോടെ ചിരിച്ചു കൊണ്ട് ) അപ്പോഴാവും അമ്മാമന്റെ ജാതകദോഷം തൊടങ്ങീട്ട്ണ്ടാവ്യാ ' പുരുഷന്റെ കപട മാന്യതയെ്ക്കതിരെ ശരമെയ്യുക തന്നെയാണ്  ശ്രീജയുടെ രചനാ ലക്ഷ്യം. ഉപന്യസിക്കുക.

(2×15=30)